**ഇന്നത്തെ പരിപാടി**

ചപ്പാത്ത് (വിഴിഞ്ഞം): ശാന്തിഗ്രാം ആരോഗ്യനികേതനവും സ്വരാജ് ഭവനും ഉദ്ഘാടനവും ആരോഗ്യസമ്മേളനവും – കവിയത്രി സുഗതകുമാരി, വി.എം സുധീരൻ, മിത്രനികേതൻ വിശ്വനാഥൻ, പി. ഗോപിനാഥൻ നായർ തുടങ്ങിയവർ പങ്കെടുക്കും

പത്രക്കുറിപ്പ് **26.03.2013**

**ശാന്തിഗ്രാം ആരോഗ്യനികേതനം ഉദ്ഘാടനം ഇന്ന് (27.03.2013)**

വിഴിഞ്ഞം: ആരോഗ്യരഹസ്യം അറിഞ്ഞ് ജീവിക്കാനും ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വിവിധ ചികിത്സാസമ്പ്രദായങ്ങളെ ശാസ്ത്രീയമായി സമന്വയിപ്പിച്ചുകൊണ്ട് ചപ്പാത്ത് ശാന്തിഗ്രാം ആരംഭിക്കുന്ന ആരോഗ്യനികേതനം (Wellness Centre) ഇന്ന് രാവിലെ 10 മണിക്ക് **വി.എം സുധീരൻ** ജനങ്ങൾക്കായി സമർപ്പിക്കും. ശാന്തിഗ്രാം കേന്ദ്ര ഓഫീസ്, ജാക്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സമഗ്ര ഹോളിസ്റ്റിക് ഹെൽത്ത് പ്രൊമോഷൻ കൗൺസിൽ എന്നിവയുടെ ഫെസിലിറ്റേഷൻ ഓഫീസ് ഉൾക്കൊള്ളുന്ന സ്വരാജ് ഭവൻ കവിയത്രി **സുഗതകുമാരി**യും മിത്രനികേതൻ ഡയറക്ടർ **കെ. വിശ്വനാഥനും** ചേർന്ന് ഉദ്ഘാടനം ചെയ്യും. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് **പി.റ്റി മാത്യൂ** മുഖ്യാതിഥിയായിരിക്കും.

അഖിലേന്ത്യ ഗാന്ധിസ്മാരകനിധി ചെയർമാൻ **പി. ഗോപിനാഥൻ നായർ, പ്രൊഫ. ആർ.വി.ജി മേനോൻ, ആർ.കെ സുന്ദരം, ഡോ. വി. രാജസേനൻ നായർ, ഡോ. വി. രഘു, ഡോ. മേഴ്സി മുരിക്കൻ, പ്രൊഫ. റ്റി.എസ്.എൻ പിള്ള, പി.എം ദേവ്, എൻ നാണുക്കുട്ടൻ നായർ, എ. സരസ്വതീഭായി, ആർ. അപ്പുക്കുട്ടൻ, പയറ്റുവിള സി. രത്നാകരൻ, സി. ലീലാഭായി,** ശാന്തിഗ്രാം **അമ്മമാരായ കമലമ്മ, രഘുപതി, പത്മാവതി, സുമാംഗി** എന്നീ ഗുരുനാഥന്മാരെ ഉദ്ഘാടനച്ചടങ്ങിൽ ആദരിക്കും.

ഉദ്ഘാടന സമ്മേളനത്തിൽ **പത്മശ്രീ. ജി. ശങ്കർ** (ഹാബിറ്റാറ്റ്), **ജി. ഹാപ്പികുമാർ** (ഡപ്യൂട്ടി മേയർ), കോട്ടുകാൽ, പൂവ്വാർ, വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ **ബി. ശിവകുമാർ, ബി. ലതാപുഷ്പാംഗതൻ, മംഗലത്തുകോണം രാജു, വി.വി രാമചന്ദ്രൻ** എന്നിവർ ആശംസകൾ അർപ്പിക്കും.

"നിങ്ങൾ തന്നെ നിങ്ങളുടെ വൈദ്യൻ" എന്ന വിഷയത്തെ ആസ്പദമാക്കി നടക്കുന്ന ആരോഗ്യ സമ്മേളനത്തിൽ **ഡോ. രവി എം. നായർ,** ഡോ. മേഴ്സി മുരിക്കൻ, **ഡോ. പി.കെ ജയ്റസ്, ഡോ. ജോൺബേബി, ഡോ. റ്റി.എസ് ജയൻ, ഡോ. ഷാജികുട്ടി, ഡോ. കെ.എൻ സുനിൽദത്ത്, യോഗാചാര്യ ഡി. ശ്രീകണ്ഠൻ നായർ, ഡോ. ജി. സുരേഷ്കുമാർ, ഡോ. സി.വി. ഗംഗാധരൻ, ഡോ. വി. വിജയകുമാർ** എന്നിവർ വിഷയം അവതരിപ്പിക്കും.

3.00 മണി മുതൽ നടക്കുന്ന സുഹൃത് സമ്മേളനം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് **റൂഫസ് ഡാനിയേൽ** ഉദ്ഘാടനം ചെയ്യും. **ഡോ. കെ. പ്രതാപൻ, അജിത് വെണ്ണിയൂർ, രവീന്ദ്രൻ ഉണ്ണിത്താൻ, സരസിക്കുട്ടപ്പൻ, ജോൺസൺ ജോസഫ്, പി. അശോക് കുമാർ, പുഷ്പം വിൻസന്റ്, വി. എസ്. സന്തോഷ്കുമാർ, ഡോ. റ്റി. സുന്ദരേശൻ നായർ, ഡോ. സി. സുരേഷ്കുമാർ, എം.വി രാമകൃഷ്ണൻ, എച്ച്. സുകുമാരി, റൊസാരിയോ എലിസബത്ത്, അസുന്താമോഹൻ, ഷീലാ ഭദ്രൻ, ഡോ. ആന്റണി പാലയ്ക്കൽ, ഡാനിയേൽ മൊബേഷ്** എന്നിവർ പങ്കെടുക്കും.

വൈകുന്നേരം 5 മണി മുതൽ നടക്കുന്ന **സംഗീതസദസിന് ഡോ. റ്റി.കെ. സനിത** നേതൃത്വം നൽകും.

പാർശ്വഫലങ്ങളില്ലാത്തതും ഏവർക്കും പ്രാപ്യവും ചൂഷണരഹിതവുമായ ആരോഗ്യസംരക്ഷണ ചികിത്സാമാർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഒരു ജനകീയ സംരംഭമാണ് ആരോഗ്യനികേതനം അഥവാ വെൽനസ് സെന്റർ.

എൽ. പങ്കജാക്ഷൻ
ഡയറക്ടർ, ശാന്തിഗ്രാം
(M) 9287548234, (O) 0471 2269780